## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3285

14.07.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

**ചോദ്യം**

ശ്രീ.കെ.കെ.ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശമ്പളം, പെൻഷൻ പരിഷ്കരണം എന്നിവ ഉൾപ്പെടുന്ന റിപ്പോർട്ടിന്റെ ഒന്നാം ഭാഗം 13.07.2015-ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊടുക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ? | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30.11.2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടറിയേറ്റിലെ താല്ക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. 2014 സെപ്റ്റംബർ മാസം മുതൽ നന്തൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് സ്വന്തമായി ഓഫീസ് സംവിധാനം നിലവിൽ വന്നതിനു ശേഷമാണ് പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രതിപാദിച്ചിട്ടുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ പൊതുസേവന വ്യയം കുറയ്ക്കുന്നതിന് അനുയോജ്യമായ ശുപാർശകൾ നൽകുക, എന്നിവയ്ക്ക് ദീർഘമായ പഠനം ആവശ്യമാണ്. കൂടാതെ കേരള ജല അതോറിറ്റി, ഹൈക്കോടതി എന്നിവയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ചുമതലയും പത്താം ശമ്പള പരിഷ്കരണ കമ്മീഷന് സർക്കാർ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 01.07.2015-ലെ സ.ഉ.(കൈ)നം.263/2015/ധന പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 30.11.2015 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**